**ചരമോപചാരം**

## പി. ശങ്കരന്റെ നിര്യാണം

മി. സ്പീക്കർ: മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവും യു.ഡി.എഫ്. കോഴിക്കോട് ജില്ലാ ചെയർമാനും അഡ്വക്കേറ്റുമായിരുന്ന പി. ശങ്കരൻ 25-02-2020-ന് അന്തരിച്ചു. സ്വാതന്ത്ര്യ സമരസേനാനി പുതിയോട്ടിൽ കേളുനായരുടെയും മാക്കം അമ്മയുടെയും മകനായി 1947 ഡിസംബർ 2-ന് ജനിച്ചു. കെ.എസ്.യു. പ്രവർത്തനത്തിലൂടെയാണ് സജീവ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചത്. തുടർന്ന് തൃശ്ശൂർ കേരളവർമ്മ കോളേജ് യൂണിയൻ ചെയർമാനും കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ വൈസ് ചെയർമാനുമായി. കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലെ ആദ്യ വിദ്യാർത്ഥി പ്രതിനിധിയായി 1975-ൽ തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാർത്ഥി രാഷ്ട്രീയത്തോടൊപ്പം എൻ.സി.സി., സ്കൗട്ട്, ഭാരത് സേവക് സമാജ്, സേവാദൾ എന്നീ പ്രസ്ഥാനങ്ങളിൽ സജീവമായി പ്രവർത്തിച്ചു. കോഴിക്കോട് ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1998-ൽ കോഴിക്കോട് മണ്ഡലത്തിൽനിന്നും ലോക്സഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു. 2001-ൽ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും പതിനൊന്നാം കേരള നിയമസഭയിലേയ്ക്ക്

തെരഞ്ഞെടുക്കപ്പെട്ടു. 26-05-2001 മുതൽ 10-02-2004 വരെ ആരോഗ്യ വകുപ്പുമന്ത്രിയായും 11-02-2004 മുതൽ 29-08-2004 വരെ വിനോദസഞ്ചാര വകുപ്പുമന്ത്രിയായും സേവനമനുഷ്ഠിച്ചു.

പി. ശങ്കരന്റെ നിര്യാണത്തോടെ സൗമ്യവും ഹൃദ്യവുമായ ഇടപെടലുകളിലൂടെ സഹപ്രവർത്തകരുടെയും സാധാരണക്കാരുടെയും ഹൃദയം കവർന്ന ഒരു നേതാവിനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)